## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1120**

**03.12.2015 ൽ മറുപടിയ്ക്ക്**

### അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ-ശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ലകൾ തിരി-ച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) 2009 - ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാ-ഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ തിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയ ങ്ങൾക്ക് അംഗീകാരം നൽകുന്നതി നായി സ.ഉ.(കൈ.) നമ്പർ 184/2013/ പൊ.വി.വ. തീയതി 10.06.2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുക യുണ്ടായി. ഇതനുസരിച്ച് സ്കൂ-ളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശ ദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടി-സ്ഥാനത്തിൽ 2015 മാർച്ച് 3 - ലെ സ.ഉ. (കൈ.) നം. 863/2015/പൊ.വി. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു. |

| | | |
| --- | --- | --- |
| തിരുവനന്തപുരം | - | 22 |
| കൊല്ലം | - | 37 |
| പത്തനംതിട്ട | - | 8 |
| ആലപ്പുഴ | - | 12 |
| കോട്ടയം | - | 13 |
| ഇടുക്കി | - | 18 |
| എറണാകുളം | - | 15 |

തൃശ്ശൂർ - 26
പാലക്കാട് - 32
മലപ്പുറം - 80
കോഴിക്കോട് - 46
വയനാട് - 10
കണ്ണൂർ - 29
കാസർഗോഡ് - 48

-----

ആകെ 396

======

ഇക്കാലയളവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന 555 സ്കൂളുകൾക്ക് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു.

തിരുവനന്തപുരം - 56
കൊല്ലം - 52
പത്തനംതിട്ട - 16
ആലപ്പുഴ - 33
കോട്ടയം - 44
ഇടുക്കി - 23
എറണാകുളം - 72
തൃശ്ശൂർ - 56
പാലക്കാട് - 27
മലപ്പുറം - 61
കോഴിക്കോട് - 33
വയനാട് - 15
കണ്ണൂർ - 38
കാസർഗോഡ് - 29

-----

ആകെ 555

======

(ബി) പുതിയ സ്കൂളുകൾക്ക് അനുമതി തേടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഈ സാഹചര്യത്തിൽ പുതിയ സ്കൂളുകൾക്ക് അനുമതി നൽകുന്നതിനുള്ള അപേക്ഷകൾ നിലവിൽ സർക്കാർ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ